## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.971** **09.08.2017 ൽ മറുപടിയ്ക്ക്**

### മദ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീമതി.സി.കെ.ആശ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാരിന്റെ മദ്യനയം വിശദമാക്കുമോ ; | (എ) | 13/06/2017 ലെ G.O(MS)No.43/2017/TD പ്രകാരം സംസ്ഥാനത്ത് പുതിയ അബ്കാരിനയം പ്രഖ്യാപിക്കുകയുണ്ടായി. കേരള സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കി വാർത്തെടുക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. സമ്പൂർണ്ണ മദ്യ നിരോധനം പ്രായോഗികമല്ലായെന്ന വിവിധ പഠന റിപ്പോർട്ടുകളിലെ ശുപാർശകൾ കണക്കിലെടുത്ത്, ചെറുപ്പകാർക്കിടയിലെ ലഹരി ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചത്. മദ്യത്തിന്റെ ലഭ്യതയിലുള്ള കർശനമായ നിയന്ത്രണങ്ങൾ സമാന്തര വ്യാജമദ്യ വിൽപ്പനയ്ക്കും മയക്ക്മരുന്ന് ഉപഭോഗത്തിന്റെ വർദ്ധനവിനും കാരണമാകുന്നുവെന്ന് കണ്ടാണ് സർക്കാർ പുതിയ അബ്കാരി മദ്യനയം പ്രഖ്യാപിച്ചത്. |
| (ബി) | ബാറുകളുടെ പ്രവർത്തന സമയം വ്യക്തമാക്കുമോ ; ടൂറിസം മേഖലയുമായി ബന്ധപ്പെട്ട ബാറുകളിൽ വ്യത്യസ്തമായ പ്രവർത്തന സമയം ഉണ്ടാകുമോ ; | (ബി) | ബാറുകളുടെ പ്രവർത്തന സമയം നിലവിലെ 12.30 മണിക്കൂറിൽ (രാവിലെ 9.30 മണിമുതൽ രാത്രി 10.00 മണിവരെ)നിന്നും 12 മണിക്കൂറായി (രാവിലെ 11 മണി മുതൽ രാത്രി 11.00 മണി വരെ) ക്രമപ്പെടുത്തിയിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിൽ പ്രവർത്തന സമയം രാവിലെ 10 മണി മുതൽ രാത്രി 11.00 മണി വരെയായും നിജപ്പെടുത്തിയിട്ടുള്ളതാണ്. |

<table>
<tr><td>(സി)</td><td>ബിയർ- വൈൻ പാർലറുകളിൽ മദ്യം കൊടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;</td><td>(സി)</td><td>ബിയർ- വൈൻ പാർലറുകളിൽ ബിയറും, വൈനും വിളമ്പുന്നതിന് മാത്രമേ അനുമതിയുള്ളൂ.</td></tr>
<tr><td>(ഡി)</td><td>ലൈസൻസ് ഫീസിൽ വരുത്തിയിട്ടുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?</td><td>(ഡി)</td><td>
<table>
<tr><th>ഇനം</th><th>തരം</th><th>നിലവിലുള്ളത് (രൂപ)</th><th>പുതുക്കിയത് (രൂപ)</th></tr>
<tr><td>എഫ് എൽ1</td><td>കെ.എസ്.ബി.സി.,കൺസ്യൂമർഫെഡ് ഔട്ട്ലെറ്റ്</td><td>3.00,000/-</td><td>4,00,000/-</td></tr>
<tr><td>എഫ് എൽ3</td><td>ബാർ</td><td>23,00,000/-</td><td>28,00,000/-</td></tr>
<tr><td>എഫ് എൽ5</td><td>ഔഷധം ചേർക്കുന്ന വൈൻ വിൽക്കുന്നത്</td><td>500/-</td><td>1000/-</td></tr>
<tr><td>എഫ് എൽ8</td><td>മിലിറ്ററി ക്യാൻറീൻ</td><td>500/-</td><td>1000/-</td></tr>
<tr><td>എഫ് എൽ8 എ</td><td>പാരാ മിലിറ്ററി ക്യാൻറീൻ</td><td>500/-</td><td>1000/-</td></tr>
<tr><td>എഫ് എൽ8 ബി</td><td>സി ആർപിഎഫ് ക്യാൻറീൻ</td><td>500/-</td><td>1000/-</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ